പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1844 05.02.2019-ലെ മറുപടിക്ക്

## ചേർത്തല ഡിപ്പോയിൽ നിന്നും സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ

ചോദ്യം

ശ്രീ.എ.എം. ആരിഫ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ചേർത്തല-അർത്തുങ്കൽ-വേളാങ്കണ്ണി, ചേർത്തല-മൈസൂർ സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസുകൾക്ക് അനുകൂല ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടും നാളിതുവരെയായി സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) യും (ബി) യും | അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തി വന്നിരുന്നത്. അർത്തുങ്കലിൽ നിന്ന് വേളാങ്കണ്ണിയിലേയ്ക്കുള്ള റൂട്ട് തമിഴ്നാടുമായുള്ള അന്തർസംസ്ഥാന പ്രാഥമിക കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കരാർ അന്തിമ വിജ്ഞാപനം വരുന്ന മുറയ്ക്ക് മാത്രമേ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ചേർത്തലയിൽ നിന്ന് മൈസൂരിലേക്കുള്ള സർവ്വീസ് റൂട്ട് നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ബി) | പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**